**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 144** **08-10-2021 - ൽ മറുപടിയ്ക്ക്**

**കാർഷികോല്പന്നങ്ങൾക്ക് ഉല്പാദനചെലവിന് അനുസൃതമായി വില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എൻ.കെ. അക്ബർ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കർഷകരുടെ ഉല്പന്നങ്ങൾക്ക് ഉല്പാദന ചെലവിന് അനുസൃതമായി വില ലഭിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് ഒരു പ്രദേശത്തു ഒരു വിളയുടെ ഉത്പാദനം വർദ്ധിക്കുകയും അത് വിറ്റഴിക്കാൻ പറ്റാതെ വരുകയും ചെയ്യുന്ന സാഹചര്യത്തിൽ ആ ഉല്പന്നത്തിന്റെ വില കുറയുന്ന സാഹചര്യം ഉണ്ടാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ നം. 26.10.2020-ലെ ജി.ഒ(എം.എസ്) നം.80/20/കൃഷി പ്രകാരം പഴം പച്ചക്കറികൾക്ക് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുണ്ട്. ഓരോ വിളയ്ക്കും പ്രഖ്യാപിച്ച അടിസ്ഥാന വില സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. കൃഷി വകുപ്പ് സംഭരിക്കുന്ന ഉത്പന്നങ്ങൾ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിവിധ വിപണികൾ വഴി വിറ്റഴിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലക്ക് ഉൽപന്നങ്ങൾ ലഭ്യമാക്കാനും വഴി ഒരുക്കുന്നു. |
| (ബി) | അന്താരാഷ്ട്ര കമ്പോള വിലകളുടെ വ്യത്യാസം അനുസരിച്ച് കർഷകന് ലഭിക്കുന്ന വിലയിൽ സ്ഥിരത ഇല്ലാതായത് കൃഷിക്കാരെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കേരളത്തിൽ, കർഷകരുടെ റബ്ബർ ഒഴിച്ചുള്ള മറ്റ് വിളകളുടെ വില അന്താരാഷ്ട്ര കമ്പോള വിലയുടെ വ്യത്യാസമനുസരിച്ച് മാറ്റമുണ്ടാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. റബ്ബറിന്റെ കാര്യത്തിൽ കേരള സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. |
| (സി) | സംസ്ഥാനത്തെ കൃഷിഭവനുകളെ സ്മാർട്ടാക്കി കാർഷികോല്പന്നങ്ങൾ വിൽക്കാനും വാങ്ങാനും കഴിയുന്ന സ്ഥാപനങ്ങളാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ കൃഷി ഭവനുകളെ സ്മാർട്ട് കൃഷി ഭവനുകളാക്കി ഘട്ടം, ഘട്ടമാക്കി മാറ്റുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന് പുറമെ കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ കൂടുതൽ സംരംഭകരെ |

| | | | |
|---|---|---|---|
| | | | ഈ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള നടപടികൾ ആരംഭിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം | വിള | അടിസ്ഥാന വില |
|---|---|---|
| 1 | മരച്ചീനി | **12** |
| 2 | നേന്ത്രൻ<br>*വയനാടൻ നേന്ത്രൻ | **30**<br>**24** |
| 3 | കൈതച്ചക്ക | **15** |
| 4 | കുമ്പളം | **9** |
| 5 | വെള്ളരി | **8** |
| 6 | പാവൽ | **30** |
| 7 | പടവലം | **16** |
| 8 | വള്ളിപ്പയർ | **34** |
| 9 | തക്കാളി | **8** |
| 10 | വെണ്ട | **20** |
| 11 | ക്യാബേജ് | **11** |
| 12 | ക്യാരറ്റ് | **21** |
| 13 | ഉരുളക്കിഴങ്ങ് | **20** |
| 14 | ബീൻസ് | **28** |
| 15 | ബീറ്റ്റൂട്ട് | **21** |
| 16 | വെളുത്തുള്ളി | **139** |

Smulathin
സെക്ഷൻ ഓഫീസർ